**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5643** **16-03-2023 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കെ-ഡിസ്കിന്റെ ഭാഗമായ കേരള നോളേജ് ഇക്കോണമി മിഷൻ വികസിപ്പിച്ച ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിന് കേന്ദ്ര സർക്കാരിന്റെ ഡിജിറ്റൽ ഇൻഡ്യ പുരസ്കാരം ലഭിച്ചിരുന്നോയെന്ന് അറിയിക്കുമോ; | (എ) | കേന്ദ്ര സർക്കാരിന്റെ ഡിജിറ്റൽ ഇന്ത്യ പുരസ്കാരം, പ്ലാറ്റിനം ഐക്കൺ ഫോർ ഡിജിറ്റൽ ഇന്നൊവേഷൻസ് ഇൻ കൊളാബറേഷൻ വിത്ത് സ്റ്റാർട്ട് അപ്പ് ലഭിച്ചിട്ടുണ്ട്. |
| (ബി) | ഡി.ഡബ്ല്യൂ.എം.എസ്.-ന്റെ പ്രവർത്തനം വിശദമാക്കാമോ; | (ബി) | വിജ്ഞാനാധിഷ്ഠിത ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിൽ തൊഴിലന്വേഷകരെയും തൊഴിൽദാതാക്കളെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പ്ലാറ്റ്ഫോം ആണ് ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം. നിർമ്മിതബുദ്ധി അടിസ്ഥാനമാക്കി ഉദ്യോഗാർത്ഥികളുടെ അഭിരുചിക്ക് അനുസൃതമായ തൊഴിൽ നേടുന്നതിനുള്ള അവസരങ്ങൾ ഈ പ്ലാറ്റ്ഫോമിലൂടെ ലഭിക്കുന്നു.<br><br>DWMS വഴി ലഭിക്കുന്ന സേവനങ്ങൾ താഴെ പറയുന്നവയാണ്.<br><br>1. ജോബ് മാപ്പിംഗ്<br>2. റോബോട്ടിക് അഭിമുഖം<br>3. റെസ്യൂമെ ഉണ്ടാക്കുക<br>4. നൈപുണ്യ പ്രോഗ്രാമുകളും ഇന്റേൺഷിപ്പുകളും<br>5. വർക്ക്റെഡിനസ് പ്രോഗ്രാം<br>6. വ്യക്തിത്വ വികസന പരിശീലനം<br>7. ഇംഗ്ലീഷ് സ്കോർ വിലയിരുത്തൽ<br>8. കരിയർ അസസ്മെന്റ്<br>9. കരിയർ കൗൺസിലിംഗ് |
| (സി) | ആയത് പ്രകാരം നിർമ്മിതി ബുദ്ധി അടിസ്ഥാനമാക്കി തൊഴിൽ അഭിരുചി പരിശോധന നടത്തി ഉചിതമായ തൊഴിൽ അവസരങ്ങൾ | (സി) | ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിൽ ഉദ്യോഗാർത്ഥി പ്രൊഫൈലിൽ തന്നിരിക്കുന്ന വിവരങ്ങളെ നിർമ്മിതബുദ്ധി ഉപയോഗിച്ച് തൊഴിൽ |

| | | | |
|---|---|---|---|
| | ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | | അഭിരുചി പരിശോധന നടത്തി ഉചിതമായ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നുണ്ട്.<br><br>ഉദ്യോഗാർത്ഥി പ്രൊഫൈലിൽ തന്നിരിക്കുന്ന വിവരങ്ങളെ നിർമ്മിത ബുദ്ധിയുടെ സഹായത്തോടെ വിശകലനം ചെയ്ത്, അവരുടെ അഭിരുചിക്കനുസൃതമായ തൊഴിൽ അവരുടെ ജോബ് മാപ്പിംഗ് ഘട്ടത്തിൽ അവർക്ക് ലഭ്യമാക്കുന്നുണ്ട്. ഡി.ഡബ്ല്യൂ.എം.എസിൽ സംശയ ദൂരീകരണം നടത്തുന്നതിന് നിർമ്മിച്ചിരിക്കുന്ന ചാറ്റ്ബോട്ട് മെക്കാനിസവും നിർമ്മിതബുദ്ധി ഉപയോഗപ്പെടുത്തുന്നുണ്ട്. മാറുന്ന കാലത്തിലെ മാറ്റങ്ങൾക്കനുസരിച്ചാണ് ഈ പ്ലാറ്റ്ഫോം നിർമ്മിച്ചിരിക്കുന്നത്. അതിനാൽ തന്നെ ഈ പ്ലാറ്റ്ഫോമിന്റെ എല്ലാ ഘട്ടങ്ങളിലും നിർമ്മിതബുദ്ധിയുടെ പരമാവധി പ്രയോജനങ്ങൾ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ഇതിലൂടെ തൊഴിലന്വേഷകരുടെ നൈപുണ്യ വികസനത്തിന് പദ്ധതിയുണ്ടോ; പ്രസ്തുത സംവിധാനത്തിൽ ഇതുവരെയായി എത്ര തൊഴിലന്വേഷകരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും എത്ര തൊഴിലുകൾ സമാഹരിക്കാനായിട്ടുണ്ടെന്നും വിശദമാക്കാമോ? | (ഡി) | ഉദ്യോഗാർത്ഥികളുടെ നൈപുണ്യ വികസനം, കേരള നോളജ് ഇക്കോണമി മിഷൻ (KKEM)-ന്റെ പ്രധാന ഇടപെടലുകളിൽ ഒന്നാണ്. നൈപുണ്യ വികസനത്തിനായി ഇതുവരെ 5,176 പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. നൈപുണ്യ വികസനത്തിനായി ഇതുവരെ 26 ഏജൻസികളിൽ നിന്നായി DWMS ൽ 202 സ്കിൽ കോഴ്സുകൾ ലഭ്യമാക്കിയിട്ടുണ്ട്. DWMS-ൽ രജിസ്റ്റർ ചെയ്യുന്ന ഏതൊരു ഉദ്യോഗാർത്ഥിക്കും തങ്ങളുടെ അഭിരുചിക്കനുസൃതമായ നൈപുണ്യ പരിശീലനത്തിനുള്ള കോഴ്സുകൾ തെരഞ്ഞെടുക്കാവുന്നതാണ്. നൈപുണ്യ വികസനത്തിനായി വ്യവസായ സ്ഥാപനങ്ങളുമായി യോജിച്ച് ഇന്റേൺഷിപ് അവസരങ്ങളും ഇതിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്.<br><br>DWMS-ൽ ഇതുവരെ 4,87,703 തൊഴിലുകൾ വിവിധ തൊഴിൽദാതാക്കളിൽ നിന്ന് സമാഹരിക്കാനായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ